എഴുകോൺ പോലീസ് സർക്കിൾ ഓഫീസ്, പോലീസ് സ്റ്റേഷൻ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുവാനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി

29 (1495) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ പോലീസ് സർക്കിൾ ഓഫീസ്, പോലീസ് സ്റ്റേഷൻ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുവാനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഇപ്പോൾ എത്ര പ്രൊപ്പോസൽ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എഴുകോൺ പേഴുകോണം ഭാഗത്തെ 'ബോട്ട്-ഇൻ-ലാന്റ്' പ്രസ്തുത ആവശ്യത്തിന് കൈമാറി ലഭിക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ പ്പെടുത്തി നടപടി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി കൈമാറുന്നതിനായി കൊട്ടാരക്കര തഹസിൽദാറിന് കത്ത് നൽകിയിട്ടുണ്ട്. സി.ഐ. ഓഫീസ് നിർമ്മാണത്തിനായി ഭൂമി കൈമാറുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. നാളിതുവരെ ഭൂമി പോലീസ് വകുപ്പിന് കൈമാറിയിട്ടില്ല.

(സി) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

ആലപ്പുഴ എ. ആർ. ക്യാമ്പിലെ അനധികൃത സ്ഥല മാറ്റം

30 (1499) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ എ.ആർ. ക്യാമ്പിൽ സ്ഥലം മാറ്റത്തിൽ വ്യാപകമായ അഴിമതി നടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മിശ്രവിവാഹിതരായ ദമ്പതിമാർക്ക് ലഭിക്കേണ്ട സ്ഥലമാറ്റ ആനുകൂല്യം ആ വിഭാഗത്തിൽപ്പെടാത്തവർ തട്ടിയെടുത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒരേ ജില്ലയിൽ ജോലി ചെയ്യുന്ന മിശ്ര വിവാഹിതരായ ദമ്പതികൾക്ക് സ്ഥലമാറ്റത്തിന് നിലവിൽ വ്യക്തമായ നിയമമുള്ളപ്പോൾ മിശ്രവിവാഹിതരല്ലാത്ത ചിലർ സ്ഥലം മാറ്റം വാങ്ങി എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മിശ്രവിവാഹിതരായാലും ഭാര്യക്കും ഭർത്താവിനും ഗവ: ജോലി ഉണ്ടായിരിക്കണം എന്ന നിബന്ധന പാലിക്കാതെ ഭാര്യക്ക് ജോലിയില്ലാത്ത ചിലർ ഭാര്യക്ക് ജോലിയുണ്ടെന്നു തെറ്റിദ്ധരിപ്പിച്ച് സ്ഥലംമാറ്റം തരപ്പെടുത്തി യെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കൃത്യവിലോപം കാണിച്ചവർക്കെതിരെ നടപടിയെടുക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly